തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 1619/പിഎച്ച്.ഡി./എസ്.ഒ./2023. തീയതി: 26.12.2023

# പിഎച്ച്.ഡി. പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ വിവിധ സ്കൂളുകളിൽ 2023-2024 അദ്ധ്യയന വർഷം ആരംഭിക്കുന്ന പൂർണ/ഭാഗിക സമയ പിഎച്ച്.ഡി. പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

| | കോഴ്സുകൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | ഭാഷാശാസ്ത്രം | 3 |
| 2. | മലയാളം (സാഹിത്യപഠനം) | 5 |
| 3. | മലയാളം (സംസ്കാരപൈതൃകം) | 5 |
| 4. | മാധ്യമപഠനം | 2 |
| 5. | പരിസ്ഥിതിപഠനം | 5 |
| 6. | വികസനപഠനം | 3 |
| 7. | സാഹിത്യരചന | 5 |
| 8. | സോഷ്യോളജി | 2 |
| 9. | ചലച്ചിത്രപഠനം | 4 |
| 10. | വിവർത്തനം – താരതമ്യപഠനം | 2 |

**യോഗ്യത:**

| ക്രമ നം. | വിഷയം | അടിസ്ഥാനയോഗ്യത |
|---|---|---|
| 1 | ഭാഷാശാസ്ത്രം | എം.എ. ഭാഷാശാസ്ത്രം |
| 2 | മലയാളം (സാഹിത്യപഠനം) | എം.എ. (സാഹിത്യപഠനം, സാഹിത്യരചന, മലയാളം) |
| 3 | മലയാളം (സംസ്കാരപൈതൃകം) | എം. എ. (സംസ്കാരപൈതൃകപഠനം, മലയാളം, ആർക്കിയോളജി, ഫോക്‌ലോർ) |
| 4 | മാധ്യമപഠനം | എം.എ. ജേർണലിസം & മാസ് കമ്യൂണിക്കേഷൻ/അനുബന്ധവിഷയം |

(തുടർച്ച.....2)

| | | |
|---|---|---|
| 5 | പരിസ്ഥിതിപഠനം | എം.എ. പരിസ്ഥിതിപഠനം, എം.എസ്.സി. പരിസ്ഥിതിപഠനം, പരിസ്ഥിതിശാസ്ത്രം, എം.ടെക് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് |
| 6 | വികസനപഠനം | എം.എ. തദ്ദേശവികസനപഠനം, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഡവലപ്മെന്റ് സ്റ്റഡീസ്, റൂറൽ ഡവലപ്മെന്റ്, എം.എസ്. ഡബ്ല്യു. |
| 7 | സാഹിത്യരചന | എം.എ. (മലയാളം, സാഹിത്യരചന, സാഹിത്യപഠനം) |
| 8 | സോഷ്യോളജി | എം.എ. സോഷ്യോളജി |
| 9 | ചലച്ചിത്രപഠനം | എം.എ. (ചലച്ചിത്രപഠനം, സിനിമ/അനുബന്ധ വിഷയങ്ങൾ) |
| 10 | വിവർത്തനം - താരതമ്യപഠനം | എം.എ. മലയാളം, താരതമ്യപഠനം, സാഹിത്യരചന, സാഹിത്യപഠനം |

മേൽപറഞ്ഞ വിഷയങ്ങളിൽ 55% മാർക്ക് നേടിയിരിക്കണം. ഒ.ബി.സി. (നോൺക്രീമിലെയർ)/ പട്ടികജാതി/പട്ടികവർഗ/ഭിന്നശേഷി വിഭാഗങ്ങളിലുള്ളവർക്ക് 50% മാർക്ക് മതിയാകും. മാർക്ക് കണക്കാക്കുമ്പോൾ യാതൊരുവിധ ഗ്രേസ് മാർക്കും പരിഗണിക്കുന്നതല്ല.

**പ്രവേശനപ്പരീക്ഷ:** 2024 ജനുവരി അവസാന വാരം തിരൂരിലെ മലയാളസർവ്വകലാശാല ആസ്ഥാനത്ത് വെച്ച് നടത്തുന്നതായിരിക്കും. പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശനപ്പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് നേടിയവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. ജെ.ആർ.എഫ്/ എം.ഫിൽ/നെറ്റ് തത്തുല്യ യോഗ്യത നേടിയിട്ടുള്ളവർ പ്രവേശനപ്പരീക്ഷ എഴുതേണ്ടതില്ല. എന്നാൽ അവരും നിശ്ചിതരീതിയിൽ യഥാസമയം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷ:**

- അപേക്ഷ ഓൺലൈനായി അയക്കാവുന്നതാണ്. അപേക്ഷാ ഫീസായ 525 രൂപ സർവകലാശാലയുടെ www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലെ എസ്.ബി.ഐ e-collect ലിങ്ക് വഴി അടക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ/ഒ.ബി.സി. (നോൺ ക്രീമിലെയർ)/ ഭിന്നശേഷി വിഭാഗങ്ങളിലെ അപേക്ഷകർക്ക് 210 രൂപയാണ് ഫീസ്. ഒരു തവണ അടച്ച തുക യാതൊരു കാരണവശാലും തിരിച്ചുനൽകുന്നതല്ല.
- അപേക്ഷാഫോറവും വിശദവിവരങ്ങളും www.malayalamuniversity.edu.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- ഒഴിവുള്ള പിഎച്ച്.ഡി. സീറ്റുകളിൽ 50:50 എന്ന ക്രമത്തിൽ പൂർണ/ഭാഗിക ഗവേഷകർക്ക് സംവരണ ക്രമം പാലിച്ച് പ്രവേശനം നൽകുന്നതായിരിക്കും. പൂർണസമയ ഗവേഷകരിൽ ജെ.ആർ.എഫ്. നേടിയവർക്കായിരിക്കും മുൻഗണന. ബാക്കിവരുന്ന ഒഴിവുകളിൽ എം.ഫിൽ/നെറ്റ്, പ്രവേശന

*(തുടർച്ച.....3)*

പരീക്ഷ എഴുതിയവർ എന്നിവരെ ഒറ്റവിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവേശനം നൽകുന്നതായിരിക്കും. ഭാഗിക ഗവേഷകർക്കായി ഈ വർഷം നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഏതെങ്കിലും വിഭാഗത്തിൽ വേണ്ടത്ര അപേക്ഷകരില്ലെങ്കിൽ പ്രസ്തുത സീറ്റുകൾ ജെ.ആർ.എഫ്. വിഭാഗത്തിനു നൽകുന്നതായിരിക്കും. ബാക്കിവരുന്ന ഒഴിവുകളിൽ എം.ഫിൽ/നെറ്റ്, പ്രവേശന പരീക്ഷ എഴുതിയവർ എന്നിവരെ ഒറ്റവിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവേശനം നൽകുന്നതായിരിക്കും.

- ഭാഗിക ഗവേഷണത്തിന് അപേക്ഷിക്കുന്നവർ അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള നിരാക്ഷേപ പത്രം (NOC) പ്രവേശന സമയത്ത് സമർപ്പിക്കേണ്ടതാണ്.
- സർവകലാശാല/സർക്കാർ/എയ്ഡഡ് സ്കൂൾ - കോളേജ് അദ്ധ്യാപകർ, അർദ്ധ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാർ എന്നിവർക്ക് മാത്രമെ ഭാഗിക ഗവേഷണത്തിന് അർഹതയുള്ളൂ. ഭാഗിക ഗവേഷണത്തിന് അപേക്ഷിക്കുന്നവർക്കും യു.ജി.സി./പ്രവേശന മാനദണ്ഡങ്ങൾ (മാർക്ക് ശതമാനം ഉൾപ്പെടെ) ബാധകമായിരിക്കും.
- പിഎച്ച്.ഡി.യുടെ കാലാവധി ആറുമാസത്തെ കോഴ്സ് വർക്ക് ഉൾപ്പെടെ പൂർണസമയ ഗവേഷകർക്ക് പരമാവധി 5 വർഷവും ഭാഗിക ഗവേഷകർക്ക് 6 വർഷവും ആയിരിക്കും. ഭാഗിക ഗവേഷകരും 6 മാസത്തെ കോഴ്സ് വർക്ക് പൂർണസമയ ഗവേഷകർക്കൊപ്പം പൂർത്തിയാക്കേണ്ടതാണ്. പ്രബന്ധസമർപ്പണത്തിന് ഏറ്റവും കുറഞ്ഞ സമയം യഥാക്രമം 3 വർഷവും 4 വർഷവും ആയിരിക്കും.
- അർഹരായ പൂർണസമയ ഗവേഷകർക്ക് സർവകലാശാലാ ഫെല്ലോഷിപ്പ് അനുവദിക്കുന്നതാണ്.
- പൂർണസമയ ഗവേഷകർക്ക് റൂം ലഭ്യതയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ സൗകര്യം അനുവദിക്കുന്നതാണ്.
- **അപേക്ഷ സർവകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതി: 2024 ജനുവരി 12.**
- ഹാൾടിക്കറ്റ് ഇ-മെയിലായിട്ടായിരിക്കും അയയ്ക്കുക.
- സർവകലാശാല നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പിഎച്ച്.ഡി. ചട്ടത്തിൽ ആവശ്യാനുസരണം ഭേദഗതി വരുത്തുവാൻ വൈസ് ചാൻസലർക്കുള്ള പരമാധികാരത്തെ ഉപയോഗിച്ചുകൊണ്ടും നിർവാഹകസമിതിയുടെ അനുമതിക്കു വിധേയമായിക്കൊണ്ടുമാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.
- പ്രവേശനത്തെ സംബന്ധിച്ച് ഈ വിജ്ഞാപനത്തിൽ പരാമർശിക്കാത്ത ഏതു വിഷയത്തെ സംബന്ധിച്ചും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

തിരൂർ
മലപ്പുറം

രജിസ്ട്രാർ